**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1602** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>ചേലാട് സ്റ്റേഡിയം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഷിബു തെക്കുംപുറം

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** കോതമംഗലം നിയോജകമണ്ഡലത്തിലെ ചേലാട് സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുന്ന ചേലാട് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്ക് 21.46 കോടി രൂപയുടെ ഡി.പി.ആർ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

പ്രസ്തുത സ്റ്റേഡിയം നിർമ്മിക്കുന്ന സ്ഥലം വില്ലേജ് റെക്കോർഡുകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് ഭൂമിയുടെ തരം മാറ്റം ആവശ്യമാണ്. ഇതുമായി ബന്ധപ്പെട്ട് മുൻ എസ്.പി.വി ആയ കിറ്റ്കോ സമർപ്പിച്ച പ്രൊപ്പോസൽ 10.06.2025ന് കൂടിയ സ്റ്റേറ്റ് ലെവൽ കമ്മിറ്റി നിരസിച്ചതായി 07.07.2025ലെ കത്ത് മുഖേന കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ് M/s. കിറ്റ്കോയെ അറിയിച്ചിരുന്നു. നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ എസ്.പി.വി ആയ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന ഭൂമിയുടെ തരം മാറ്റുന്നതിനാവശ്യമായ നടപടികളുടെ ഭാഗമായി സൈറ്റിലെ തോട് ഡൈവേർഷൻ ഡിസൈൻ ഇറിഗേഷൻ ഡി. 19.09.2025ന് കിഫ്ബിയിൽ ഇ-മെയിൽ മുഖാന്തിരവും, 02.02.2026ന് കിഫ്ബി പോർട്ടൽ ആയ പി.എഫ്.എം.എസ് മുഖേനയും സൈൻ & റിസർച്ച് ബോർഡിൽ (DRB) നിന്നും 17.07.2025ന് ലഭിച്ച റെയിൻ ഫാൾ & ഡിസ്ചാർജ് ഡാറ്റയുടെ അടിസ്ഥാനത്തിൽ ഡിസൈനും, ലാൻഡ് കൺവെർഷന് ആവശ്യമായ റിപ്പോർട്ടും തയ്യാറാക്കി 18.09.2025ന് പിണ്ടിമന ഗ്രാമപഞ്ചായത്ത് മുഖേന റവന്യൂ വകുപ്പിൽ സമർപ്പിച്ചിരുന്നു. 15.10.2025ന് സംസ്ഥാനതല സമിതി അംഗവും, തൃശ്ശൂരിലെ College of climate change environment science Dean മായി സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ കൂടിക്കാഴ്ച നടത്തിയിരുന്നു. പ്രസ്തുത കൂടിക്കാഴ്ചയിൽ ആവശ്യപ്പെട്ടിരുന്ന ഡൈവേർഷൻ കനാലിന്റെ ലേഔട്ടും മറ്റ് അനുബന്ധ രേഖകളും 24.10.2025ന് സമർപ്പിച്ചിരുന്നു. ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷ 17.11.2025ലെ സംസ്ഥാനതല സമിതി പരിശോധിക്കുകയും തുടർരേഖകൾ 07.01.2026ന് കത്ത് മുഖാന്തിരം ആവശ്യപ്പെടുകയും ചെയ്തിരുന്നു. പ്രസ്തുത രേഖകൾ 21.01.2026-ന് അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിക്കുകയും, നിലവിൽ ലാൻഡ് കൺവേർഷൻ സംബന്ധമായ തീരുമാനം അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറുടെ പരിഗണനയിലുമാണ്. ഡി.പി.ആർ പരിശോധിച്ച ശേഷം 30.05.2026ന് Detailed Appraisal Report കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ പുതുക്കിയ ഭരണാനുമതി

സമർപ്പിക്കുവാൻ കിഫ്ബി 16.02.2026ന് ആവശ്യപ്പെട്ടിരുന്നു. ഇതേ തുടർന്ന് പുതുക്കിയ ഭരണാനുമതിക്കായി കായിക യുവജന കാര്യാലയം ലഭ്യമാക്കിയ ശിപാർശ നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്.

**(ബി)** പ്രസ്തുത സ്റ്റേഡിയത്തിന് ലഭ്യമാക്കിയിട്ടുള്ള 1.69 ഏക്കർ ഭൂമിയുടെ വെറ്റ് ലാൻഡ് കൺവെർഷൻ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട സംസ്ഥാനതല സമിതി എന്നത്തേക്ക് നടത്താൻ സാധിക്കുമെന്ന് വിശദമാക്കാമോ?

**മറുപടി:** ഭൂമി തരം മാറ്റുന്നതുമായി ബന്ധപ്പെട്ട് എല്ലാ രേഖകളും 21.01.2026ന് അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ ലാൻഡ് കൺവേർഷൻ സംബന്ധമായ തീരുമാനം അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറുടെ പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**